നമ്പർ: 161/2025

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരേ,

മലങ്കരസഭയ്ക്ക് സുധീരമായ നേതൃത്വം നൽകിയ നമ്മുടെ മുൻഗാമി, പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ഭാഗ്യസ്മരണീയനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസ്സിലെ നാലാം ഓർമ്മപ്പെരുന്നാൾ 2025 ജൂലൈ 11, 12 തീയതികളിൽ (വെള്ളി, ശനി) അദ്ദേഹം കബറടങ്ങിയിരിക്കുന്ന കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ ഭക്തിപുരസ്സരം കൊണ്ടാടുന്നതാണ്. ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ദൈവഹിതപ്രകാരം സഭാ നൗകയെ സുധീരം നയിച്ച തേജസ്വിയായ പരിശുദ്ധ പിതാവിന്റെ ഓർമ്മ നമുക്ക് എന്നും അനുഗ്രഹത്തിന് നിദാനമാണ്. എളിമയാർന്ന ഭക്തി ജീവിതവും തെളിവാർന്ന ചിന്തകളും സരസമായ സംഭാഷണവും കൊണ്ട് ആ നിർമ്മല വ്യക്തിത്വം ജനമനസ്സുകളിൽ ചിരപ്രതിഷ്ഠ നേടുകയുണ്ടായി.

പെരുന്നാളിനോടനുബന്ധിച്ച് ജൂലൈ 11-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.00 -ന് സന്ധ്യാനമസ്കാരവും തുടർന്ന് അനുസ്മരണ പ്രസംഗവും പ്രദക്ഷിണവും വാഴ്വും 12-ാം തീയതി ശനിയാഴ്ച രാവിലെ 6.30-ന് പ്രഭാത നമസ്കാരവും 7.30 -ന് വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് കബറിങ്കൽ ധൂപ പ്രാർത്ഥനയും നേർച്ചവിളമ്പും ഉണ്ടായിരിക്കുന്നതാണ്. പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. അചഞ്ചലമായ ഭക്തിയോടും, നിഷ്ഠയോടും ദൈവാശ്രയത്തോടും നമ്മെ നയിച്ച് കടന്നു പോയ പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ വിശ്വാസികളേവരും നേർച്ച കാഴ്ചകളോടുകൂടി വന്നു സംബന്ധിച്ച് അനുഗൃഹീതരാകണമെന്നു നാം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 ജൂൺ മാസം 17-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.